<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1740**</u> <u>**13-02-2025 - ൽ മറുപടിയ്ക്ക്**</u>

<u>**സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതികൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ ജനങ്ങൾക്ക് ആശ്വാസം നൽകിവരുന്ന എത്ര പദ്ധതികൾ നിലവിലുണ്ട്; | (എ) | കേരള സാമൂഹ്യസുരക്ഷമിഷന്റെ കീഴിൽ വിവിധ ജനവിഭാഗത്തിന് വേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഓരോ പദ്ധതിക്കും കീഴിൽ ഉണഭോക്താക്കൾക്ക് നൽകുവാനുള്ള ആനുകൂല്യങ്ങളിൽ നിലവിൽ എത്രമാസം കുടിശ്ശികയുണ്ടെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കുമോ? | (ബി) | കേരള സാമൂഹ്യസുരക്ഷമിഷന്റെ കീഴിൽ വിവിധ ജനവിഭാഗത്തിന് വേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

| ക്രമ നം. | പദ്ധതിയുടെ പേര് | വിവരണം | കുടിശ്ശിക മാസം |
|---|---|---|---|
| 1 | ആശ്വാസകിരണം | ഒരു മുഴുവൻസമയ പരിചാരകന്റെ സേവനം ആവശ്യമാംവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസം 600/- രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി | 2024-2025 സാമ്പത്തിക വർഷത്തിൽ രണ്ടു ഘട്ടങ്ങളിലായി 20 കോടി രൂപ അനുവദിച്ചിരുന്നു.രണ്ടാം ഘട്ടമായി അനുവദിച്ച 10 കോടി രൂപ വിനിയോഗിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| 2 | സ്നേഹസ്പർശം | ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായമായി പ്രതിമാസം 2000/- രൂപ നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ധനസഹായ പദ്ധതി. | അനുവദിച്ച 60 ലക്ഷം രൂപ ഉപയോഗിച്ച് 2024 ആഗസ്റ്റ് വരെയുള്ള തുക അനുവദിച്ചിട്ടുണ്ട് . |
| 3 | എൻഡോസൾഫാൻ ദുരിതബാധിതർക്ക് പദ്ധതികൾ (സ്നേഹസാന്ത്വനം) | ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി | കുടിശ്ശികയില്ല |
| 4 | സ്പെഷ്യൽ ആശ്വാസകിരണം | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസ 700/- രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി | കുടിശ്ശികയില്ല |
| 5 | വിദ്യാഭ്യാസ ധനസഹായ പദ്ധതി | എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 ക്ലാസ്സ് വരെയുള്ളവർക്ക് 3000/- രൂപ വീതവും 11,12 ക്ലാസ്സുകളിലുള്ളവർക്ക് | കുടിശ്ശികയില്ല |

| | | | |
|---|---|---|---|
| | | 4000/- രൂപ വീതവും വർഷത്തിൽ ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി | |
| 6 | വയോമിത്രം | സംസ്ഥാനത്തെ മുനിസിപ്പൽ/ കോർപ്പറേഷനുകൾ/ ബ്ലോക്കുകളിൽ താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സമ്പൂർണ ആരോഗ്യ പരിരക്ഷയും മാനസിക ഉന്മേഷവും നൽകുന്ന പദ്ധതി | ആരോഗ്യ സേവനം നല്കുന്ന പദ്ധതി |
| 7 | സ്നേഹപൂർവ്വം | മാതാപിതാക്കൾ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി | 2024-2025 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 13.91 കോടി രൂപ വിനിയോഗിച്ച് ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 8 | സമാശ്വാസം | വൃക്കതകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവെയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി | കുടിശ്ശികയില്ല |
| 9 | മിഠായി | Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതി | ആരോഗ്യ സേവനം നല്കുന്ന പദ്ധതി |
| 10 | ഡിമെൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക് | വയോജനങ്ങൾക്കായി ഡിമെൻഷ്യ/അൽഷിമേഴ്സ് മെമ്മറി ആന്റ് സ്ക്രീനിംഗ് ക്ലിനിക്കുകൾ നടപ്പാക്കുന്ന പദ്ധതി | ആരോഗ്യ സേവനം നല്കുന്ന പദ്ധതി |
| 11 | വീകെയർ പദ്ധതി | കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമപരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമമാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യ, സാമൂഹ്യമാനസിക പരിചരണം ലഭിക്കാൻ നിർവ്വാഹമില്ലാത്തതോ അതിനുതീരെ നിവർത്തിയില്ലാത്തതോ ആയ കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്കവിധത്തിൽ അടിസ്ഥാന ഫണ്ട് കണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. | ബാധകമല്ല |
| 12 | വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിതരണം | സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻപേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന രേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി | ബാധകമല്ല |

| | | | |
|---|---|---|---|
| | ചെയ്യുന്ന പദ്ധതി | | |

**അനുബന്ധം**

| ക്രമ നം. | പദ്ധതിയുടെ പേര് | വിവരണം | കുടിശ്ശിക മാസം |
|---|---|---|---|
| 1 | ആശ്വാസകിരണം | ഒരു മുഴുവൻസമയ പരിചാരകന്റെ സേവനം ആവശ്യമാംവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസം 600/- രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി | 2024-2025 സാമ്പത്തിക വർഷത്തിൽ രണ്ടു ഘട്ടങ്ങളിലായി 20 കോടി രൂപ അനുവദിച്ചിരുന്നു.രണ്ടാം ഘട്ടമായി അനുവദിച്ച 10 കോടി രൂപ വിനിയോഗിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| 2 | സ്നേഹസ്പർശം | ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിയ്ക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായമായി പ്രതിമാസം 2000/- രൂപ നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ധനസഹായ പദ്ധതി. | അനുവദിച്ച 60 ലക്ഷം രൂപ ഉപയോഗിച്ച് 2024 ആഗസ്റ്റ് വരെയുള്ള തുക അനുവദിച്ചിട്ടുണ്ട് . |
| 3 | എൻഡോസൾഫാൻ ദുരിതബാധിതർക്ക് പദ്ധതികൾ (സ്നേഹസാന്ത്വനം) | ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി | കുടിശ്ശികയില്ല |
| 4 | സ്പെഷ്യൽ ആശ്വാസകിരണം | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസ 700/- രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി | കുടിശ്ശികയില്ല |
| 5 | വിദ്യാഭ്യാസ ധനസഹായ പദ്ധതി | എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 ക്ലാസ്സ് വരെയുള്ളവർക്ക് 3000/- രൂപ വീതവും 11,12 ക്ലാസ്സുകളിലുള്ളവർക്ക് | കുടിശ്ശികയില്ല |

| | | | |
|---|---|---|---|
| | | 4000/- രൂപ വീതവും വർഷത്തിൽ ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി | |
| 6 | വയോമിത്രം | സംസ്ഥാനത്തെ മുനിസിപ്പൽ/ കോർപ്പറേഷനുകൾ/ ബ്ലോക്കുകളിൽ താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സമ്പൂർണ ആരോഗ്യ പരിരക്ഷയും മാനസിക ഉന്മേഷവും നൽകുന്ന പദ്ധതി | ആരോഗ്യ സേവനം നല്കുന്ന പദ്ധതി |
| 7 | സ്നേഹപൂർവ്വം | മാതാപിതാക്കൾ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി | 2024-2025 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 13.91 കോടി രൂപ വിനിയോഗിച്ച് ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 8 | സമാശ്വാസം | വൃക്കതകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവെയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി | കുടിശ്ശികയില്ല |
| 9 | മിഠായി | Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതി | ആരോഗ്യ സേവനം നല്കുന്ന പദ്ധതി |
| 10 | ഡിമെൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക് | വയോജനങ്ങൾക്കായി ഡിമെൻഷ്യ/അൽഷിമേഴ്സ് മെമ്മറി ആന്റ് സ്ക്രീനിംഗ് ക്ലിനിക്കുകൾ നടപ്പാക്കുന്ന പദ്ധതി | ആരോഗ്യ സേവനം നല്കുന്ന പദ്ധതി |
| 11 | വീകെയർ പദ്ധതി | കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമപരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമമാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യ, സാമൂഹ്യമാനസിക പരിചരണം ലഭിക്കാൻ നിർവ്വാഹമില്ലാത്തതോ അതിനുതീരെ നിവർത്തിയില്ലാത്തതോ ആയ കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്കവിധത്തിൽ അടിസ്ഥാന ഫണ്ട് കണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. | ബാധകമല്ല |
| 12 | വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിതരണം | സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻപേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന രേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി | ബാധകമല്ല |

| | | | |
|---|---|---|---|
| | ചെയ്യുന്ന പദ്ധതി | | |